പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2201 11.06.2018- ൽ മറുപടിയ്ക്ക്

## ടൈപ്പ് വൺ പ്രമേഹ രോഗമുള്ള കുട്ടികളുടെ ചികിത്സ

ചോദ്യം

ശ്രീ. എം.സ്വരാജ്.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ടൈപ്പ് വൺ പ്രമേഹ രോഗമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി എന്തെങ്കിലും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ടൈപ്പ് വൺ പ്രമേഹ രോഗമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 'മിഠായി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | ടൈപ്പ് വൺ പ്രമേഹ രോഗം ബാധിച്ചവർക്ക് ഇൻസുലിൻ പെൻ, കണ്ടിന്യൂസ് ഗ്ലൂക്കോസ് മോണിറ്റർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ആവശ്യമായ ആരോഗ്യ-ചികിത്സ-ഭക്ഷണ കാര്യ ഉപദേശങ്ങളും പരിരക്ഷയും നൽകുന്ന ഒരു സമഗ്ര പദ്ധതിയാണ് മിഠായി. ടി പദ്ധതിയിലേയ്ക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സാങ്കേതിക ഉപദേശം നൽകുന്നതിനുമായി വിദഗ്ധ ഡോക്ടർമാരെ ഉൾപ്പെടുത്തി ഒരു ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ